"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വനിത ശിശു വികസന വകുപ്പ് - കേരള അങ്കണവാടി വർക്കേഴ്സ് & ഹെൽപ്പേഴ്സ് ക്ഷേമനിധി ബോർഡ് - 2025-26 സാമ്പത്തിക വർഷം - സർക്കാർ വിഹിതം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനിത ശിശു വികസന(ബി) വകുപ്പ്**

സ.ഉ.(സാധാ) നം.322/2025/WCDD തീയതി,തിരുവനന്തപുരം, 15-07-2025

---

പരാമർശം:- 1. സ.ഉ(സാധാ)നം .209/2025/WCDD തീയതി 27/05/2025

2. കേരള അങ്കണവാടി വർക്കേഴ്സ് & ഹെൽപ്പേഴ്സ് ക്ഷേമനിധി ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 04/06/2025 തീയതിയിലെ AWWF1-471/2025 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

അങ്കണവാടി വർക്കേഴ്സ് & ഹെൽപ്പേഴ്സ് ക്ഷേമനിധി ബോർഡിന് നടപ്പ സാമ്പത്തിക വർഷത്തെ സർക്കാർ വിഹിതം ഒന്നാം ഗഡുവായി 1,80,00,000 രൂപ അനുവദിച്ച് പരാമർശം (1) പ്രകാരം അനുവദിച്ചു നൽകിയിരുന്നു.

(2) 2025-26 സാമ്പത്തിക വർഷം വരെ പൂർണമായും പെൻഷൻ നല്കുന്നതിനായി 51,08,04,000/-രൂപയും, ക്ഷേമനിധി ആനുകൂല്യം നല്കുന്നതിനായി 44,78,90,000/-രൂപയും, വിരമിക്കൽ ആനുകൂല്യം നല്കുന്നതിനായി 8,34,15,000/-രൂപയും, മരണാനുകൂല്യം നല്കുന്നതിനായി 41,50,000/- രൂപയും, രാജിവെച്ചവർക്കുള്ള ആനുകൂല്യം നല്കുന്നതിനായി 5,68,00,000/- രൂപയും, ചേർത്ത് 110,30,59,000/- രൂപ ടി സാമ്പത്തിക വർഷം ആവശ്യമായിട്ടുള്ളതിൽ 2025-26 വർഷത്തെ ക്ഷേമ നിധിയുടെ വരുമാനമായി ലഭിക്കുന്ന 36,95,07,800/- രൂപ കുറച്ച് ടി വർഷം പെൻഷനും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിനായി 73,35,51,200/- രൂപ (എഴുപത്തി മൂന്ന് കോടി മുപ്പത്തി അഞ്ച് ലക്ഷത്തി അൻപത്തി ഒന്നായിരത്തി ഇരുനൂറ് രൂപ മാത്രം) അധികധനാഭ്യർഥന വഴി അനുവദിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് പരാമർശം(2) പ്രകാരം അങ്കണവാടി വർക്കേഴ്സ് & ഹെൽപ്പേഴ്സ് ക്ഷേമനിധി ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അഭ്യർത്ഥിച്ചിട്ടുണ്ട്.

(3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അങ്കണവാടി വർക്കേഴ്സ് & ഹെൽപ്പേഴ്സ് ക്ഷേമനിധി ബോർഡിന് നടപ്പ സാമ്പത്തിക വർഷം 2235-02-102-89-10 govt contribution ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 9 കോടി രൂപയിൽ നിന്നും ആദ്യഗഡുവായി റിലീസ് ചെയ്തിട്ടുള്ള 1.8 കോടി കിഴിച്ച് **₹ 7,20,00,000**(ഏഴു കോടി ഇരുപത് ലക്ഷം രൂപ മാത്രം) രൂപ അനുവദിച്ച് ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സന്തോഷ് കുമാർ.റ്റി.കെ.
അഡിഷണൽ സെക്രട്ടറി

വനിതാ ശിശു വികസന വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള അങ്കണവാടി വർക്കേഴ്സ് & ഹെൽപ്പേഴ്സ് ക്ഷേമനിധി ബോർഡ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(എ ആന്റ് ഇ) കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്.
വെബ് & ന്യൂ മീഡിയ (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Sithara Vijayan
Date: 15-07-2025 14:34:41
സെക്ഷൻ ഓഫീസർ